# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3400 08/11/2019-ൽ മറുപടിയ്ക്ക്

## പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ പുരോഗതി

ചോദ്യം ഉത്തരം

| ശ്രീ.സി.കെ. ഹരീന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പാറശ്ശാല നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയിലുൾപ്പെട്ട ഭവനരഹിതരുടെയും ഭൂമിയില്ലാത്ത ഭവനരഹിതരുടെയും പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട ഭവന രഹിതരുടേയും ഭൂമിയില്ലാത്ത ഭവന രഹിതരുടേയും പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഇനി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്; പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കാമോ; | ബി) | പാറശ്ശാല മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം 2081 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1000 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു. |
| സി) | ഭൂരഹിതരായ ഭവനരഹിതർക്ക് വീട് ലഭ്യമാക്കി നൽകുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കാമോ? | സി) | ലൈഫ് മൂന്നാംഘട്ടം ഭൂരഹിത ഭവന രഹിതരുടെ അംഗീകൃത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാപരിശോധന നടത്തി രേഖകൾ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യുന്ന പ്രവൃത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട്, വെള്ളറട എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| ക്രമ. നം. | പഞ്ചായത്തിന്റെ പേര് | ലൈഫ് രണ്ടാംഘട്ടം (Approved Beneficiaries) | ലൈഫ് രണ്ടാംഘട്ടം (Eligible Beneficiaries) | ലൈഫ് മൂന്നാംഘട്ടം (Approved Beneficiaries) | ലൈഫ് മൂന്നാംഘട്ടം (Eligible Beneficiaries) |
|---|---|---|---|---|---|
| 1 | പാറശ്ശാല | 632 | 341 | 337 | 151 |
| 2 | വെള്ളറട | 917 | 560 | 763 | 40 |
| 3 | കുന്നത്തുകാൽ | 761 | 509 | 423 | 59 |
| 4 | കൊല്ലയിൽ | 446 | 299 | 367 | 74 |
| 5 | പെരുങ്കടവിള | 454 | 298 | 220 | 30 |
| 6 | ആര്യങ്കോട് | 592 | 320 | 343 | 52 |
| 7 | ഒറ്റശേഖരമംഗലം | 417 | 341 | 333 | 132 |
| 8 | കള്ളിക്കാട് | 77 | 56 | 333 | 105 |
| 9 | അമ്പൂരി | 265 | 150 | 217 | 67 |
| ആകെ | | 4561 | 2874 | 3336 | 710 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ. നം | പഞ്ചായത്തിന്റെ പേര് | ലൈഫ് ഒന്നാംഘട്ടം ( ഐ.എ. വൈ, ഇ.എം.എസ്, പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, പദ്ധതികൾ ചേർന്നത്) | | ലൈഫ് രണ്ടാംഘട്ടം | | |
|---|---|---|---|---|---|---|
| | | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് | രേഖാ പരിശോധനയിൽ അർഹയുള്ള ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ ബാക്കിയുള്ളത് |
| 1 | പാറശ്ശാല | 14 | 0 | 341 | 304 | 37 |
| 2 | വെള്ളറട | 24 | 0 | 560 | 390 | 170 |
| 3 | കന്നമുകാൽ | 18 | 1 | 509 | 78 | 431 |
| 4 | കൊല്ലയിൽ | 26 | 0 | 299 | 252 | 47 |
| 5 | പെരുങ്കടവിള | 10 | 0 | 298 | 285 | 13 |
| 6 | ആര്യങ്കോട് | 8 | 0 | 320 | 145 | 175 |
| 7 | ഒറ്റശേഖരമംഗലം | 14 | 0 | 341 | 304 | 37 |
| 8 | കള്ളിക്കാട് | 11 | 1 | 56 | 54 | 2 |
| 9 | അമ്പൂരി | 74 | 6 | 150 | 70 | 80 |
| ആകെ | | **199** | **8** | **2874** | **1882** | **992** |

സെക്ഷൻ ഓഫീസർ